(എ) കണ്ണൂർ ജില്ലയിലെ എഴിമല നേവൽ അക്കാദമി-പുളിങ്ങോം-തലക്കാവേരി-ബാഗമണ്ഡലം-ബാംഗ്ലൂർ അന്തർ സംസ്ഥാന പാതയുടെ ഭാഗമായി സംസ്ഥാനത്ത് പുളിങ്ങോം-മുണ്ടോർട്ട് പാലവും അനുബന്ധ റോഡും നിർമ്മിക്കുവാൻ സി. ആർ. എഫ്.-ൽ നിന്ന് ഫണ്ട് അനുവദിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ പാതയുടെ കർണ്ണാടക സംസ്ഥാനത്തിലെ തുടർന്നുള്ള ഭാഗം വികസിപ്പിക്കുന്നതിന്, കർണ്ണാടക സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) & (ബി) കർണ്ണാടക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ചേലക്കര-ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മായന്നൂർപ്പാലം നിർമ്മാണം പൂർത്തിയാക്കാൻ നടപടി

117 [430] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര-ഒറ്റപ്പാലം നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മായന്നൂർപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാനുണ്ടായ കാലതാമസങ്ങൾക്ക് കാരണം വ്യക്തമാക്കുമോ;

(ബി) ഈ പാലം നിർമ്മാണത്തിനാവശ്യമായ തുക നബാർഡിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടോ;

(സി) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഭാഗത്തുനിന്നും കാര്യക്ഷമവും സമയബന്ധിതവുമായ നടപടികൾ ഉണ്ടാകാത്തതിനാലാണ് പാലം നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പാലത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ) ഡിസൈനിലുണ്ടായ വ്യത്യാസവും പേയ്മെന്റ് നൽകാനുണ്ടായ കാലതാമസവുമാണ് പ്രധാനമായും മായന്നൂർ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാനുണ്ടായ കാലതാമസത്തിന് കാരണം.

(ബി) ഉണ്ട്.

(സി) നിർമ്മാണം നടന്നുവരുന്നു.

(ഡി) 8 മാസത്തിനകം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly